# അമേരിക്കൻ കഥകൾ

## മിനികഥകൾ

## ഇരുപത്തി ഒൻപത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചിയുടെ വീട്ടിലേക്കാണ് കോരപ്പൻ ചെന്നത്. കഴിഞ്ഞ കഥയുടെ തുടർച്ചയാണിത്. അന്നച്ചിക്കറിയാമായിരുന്നു ഒരിക്കൽ അവൻ അവിടെ ചെല്ലുമെന്ന്; എന്നാൽ യാതൊരു മുന്നറിയിപ്പുമില്ലാതെ അവൻ ചെല്ലുമെന്ന് പ്രതീക്ഷിച്ചില്ല. അവൾ, മണി, അത്ര ശരിയല്ലന്നറിയാമായിരുന്നു. എന്നാൽ കോരപ്പനുമായി യോജിച്ചു പോകുമെന്നാണ് കരുതിയത്.

മണിയും മക്കളുമെല്ലാം ഇരിക്കുമ്പോൾ അവരുടെ മുൻപിൽ വെച്ചാണ് അയാൾ അയാളുടെ സാധനങ്ങൾ എല്ലാം എടുത്ത് പോയത്. അവൾ കാണണം; അയാളുടെ സാധനങ്ങൾ മാത്രമെ അയാൾ എടുത്തുള്ളു എന്ന്; അല്ലങ്കിൽ പിന്നെ പറയരുത് അവളുടെ സാധനങ്ങൾ മോഷ്ടിച്ച് അയാൾ കടന്നു കളഞ്ഞെന്ന്. ഇത് രാജ്യം അമേരിക്കയാണ്. പോരാത്തതിന് മിടുമിടുക്കനായ KCVയുടെ പെങ്ങളാണ്. യാതൊരു വിധത്തിലും അയാളെ കുരുക്കാൻ പാടില്ല.

അയാൾ പോയ്ക്കഴിഞ്ഞപ്പോൾ പൊട്ടിക്കരഞ്ഞിരിക്കുന്ന അമ്മയെ കണ്ട്; മക്കൾ ഉടനെ തന്നെ അമ്മാച്ചനെ ഫോൺ ചെയ്തു വരുത്തി. ഒരിക്കലും അയാൾ പോകുമെന്ന് അവരാരും പ്രതീക്ഷിച്ചതല്ല. മണി അതോടെ വീണു പോയി; കിടപ്പിലായി. കരഞ്ഞ് കരഞ്ഞ് അവൾ തളർന്നു. വിവരം അറിഞ്ഞ് നാൻസി എത്തി; മണിയെ ആശ്വസിപ്പിക്കാൻ കഴിയുന്നത്ര പരിശ്രമിച്ചു. മുൻപ് രണ്ടു പേർ പിരിഞ്ഞു പോയപ്പൊഴും അവൾക്കിത്ര വിഷമമില്ലായിരുന്നു. സത്യത്തിൽ അവരെ രണ്ടു പേരേയും അവൾ ആട്ടി ഓടിക്കുകയായിരുന്നു. അവരുടെ ശാപമാണോ, അതോ PPPയുടെ ശാപമാണോ. ഒറൊത വിശ്വസിക്കുന്നത് PPPയുടെ ശാപമാണെന്നാണ്.

പിറ്റെ ദിവസം കോരപ്പൻ ജോലിസ്ഥലത്ത് ചെന്നപ്പോൾ തന്നെ, അയാളെ, അയാളുടെ മേലുദ്യോഗസ്ഥൻ വിളിച്ചു. മണി വല്ലതും ചെയ്ത് അനന്തരഫലമായാണോ അയാളെ വിളിപ്പിച്ചതെന്ന് അയാൾ ആദ്യം പരിഭ്രമിച്ചു. ഈ സന്ദ്ഭത്തിൽ അയാൾക്ക് വളരെ സന്തോഷകരമായ ഒരു കാര്യമാണ്: അയാൾക്ക് പ്രമോഷനോടുകൂടെ സ്ഥലമാറ്റം; വേറൊരു സ്റ്റേറ്റിലേക്ക്. മേലുദ്യേഗസ്ഥൻ കരുതിയത് അയാൾക്കിഷ്ടപ്പെടത്തില്ലന്നായിരുന്നു. അയാളുടെ കുടുംബത്തെ എല്ലാം വിട്ടിട്ട് പോകാൻ അയാൾക്ക് പ്രയാസമെന്നാണ് കരുതിയത്. എന്നാൽ അപ്പോൾ തന്നെ അയാൾ പോകാൻ തയാറാണെന്ന് കേട്ടപ്പോൾ പെട്ടന്ന് വിശ്വസിക്കാൻ പറ്റിയില്ല. കൂടാതെ അയാളുടെ അസിസ്റ്റന്റായി ജോലി ചെയ്തിരുന്ന ലൂസിയെ കൂടെ അയാളുടെ കൂടെ, അതേ തസ്തികയിൽ (അയാളുടെ അസിസ്റ്റന്റായി) പറഞ്ഞു വിടുന്നു.

ലൂസി, ഒരു മലയാളിയാണ്. ആങ്ങളയും കുടുംബത്തിന്റേയും കൂടെ അവിടെ താമസിക്കുകയാണ്. ജോലി കഴിഞ്ഞ് വീട്ടിൽ ചെന്നാൽ, ആ വീട്ടിലെ എല്ലാ ജോലികളും അവൾ ചെയ്യണം. അവൾ എങ്ങിനെയെങ്കിലും ഒന്നു മാറി കിട്ടിയാൽ മതിയെന്ന് അവളും ആങ്ങളയും ആഗ്രഹിച്ചിട്ട് വളരെ കാലമായി. അവൾ ദീഘ്കാലമായി കോരപ്പന്റെ കൂടെ ജോലി ചെയ്ത് അയാളെ കൊതി വിട്ടു കൊണ്ട് കഴിയുകയാണ്. അയാൾക്ക് കുടുംബം ഉണ്ടെന്നാണ് അവൾ കരുതിയത്. അവരിരുവരും അവരുടെ സ്വകാര്യങ്ങൾ ഒന്നും പരസ്പരം പറഞ്ഞിരുന്നില്ല. ഇപ്പോൾ അവർ രണ്ടു പേരും ഒരു കള്ളവും പറയാതെ അവരുടെ ഉള്ളുതുറന്നു സംസാരിച്ചു. അയാളുടെ ഭാര്യ ആയി അയാളുടെ കൂടെ ജീവിതകാലമെല്ലാം കഴിച്ചു കൂട്ടാൻ അവൾ തയാറാണ്. മുല്ലവള്ളിയെ കമ്പിൽ കയറി പറ്റി പിടിച്ച് വളരുകയുള്ളൂ എന്നയാൾക്ക് ഇപ്പോൾ മനസ്സിലായി. മുന്തിരി വള്ളിയും കമ്പിൽ പറ്റിപിടിച്ച് ഫലം പുറപ്പെടുവിക്കും തന്നെക്കാൾ അശക്തയായ ഒരാൾക്കേ തന്റെ കൂടെ ജീവിക്കാൻ പറ്റൂ. ലൂസിക്ക് പരസഹായമില്ലാതെ തന്നെ ജീവിക്കാൻ സാധിക്കുകയില്ല. അവൾ, അവളുടെആങ്ങള പേപ്പർ പണികൾ ചെയ്ത് സഹായിച്ചതുകൊണ്ടാണ് അമേരിക്കയിൽ വരാൻ സാധിച്ചത്. വന്ന കാലം മുതൽ അവൾ ആങ്ങളയുടെ കൂടെയാണ് താമസം. എന്നാൽ ഇതിനിടയ്ക്ക്, മേലുദ്യോഗസ്ഥൻ ആ വെളുമ്പൻ പല പ്രാവശ്യം അവളെ ഉപയോഗിച്ചു. അവൾ കമ്പ്യൂട്ടർ സയൻസ് പഠിച്ചതാണെങ്കിലും, ആദ്യം ജോലി കിട്ടാൻ നേരം, അയാൾ അവളെ ഉപയോഗിച്ചു. എന്തായാലും അയാൾ ചതിച്ചില്ല; അവൾക്ക് ജോലി കിട്ടി. പിന്നീട് പലപ്രാവശ്യം അയാൾ അവളെ രുചിച്ചു. ഇന്ത്യാക്കാരി പെണ്ണ് കൊള്ളാം. കൂടുതൽ അവൾ അവിടെ നിന്നാൽ അയാൾക്ക് ഉപദ്രവമായേക്കുമെന്ന് ഭയപെട്ടാണ് ഇപ്പോൾ അവളെ ഒഴിവാക്കുന്നത്. കമ്പ്യൂട്ടർ കോഴ്സിനു അഡ്മിഷൻ സമയത്തും അവൾക്ക് ആ കടമ്പ കടന്നു കൂടാൻ പ്രയാസം നേരിട്ടു; അപ്പോഴും അവൾ വേറൊരാൾക്ക് കീഴ്പ്പെട്ടാണ് ആ കടമ്പയും കടന്നത്. സ്വന്തം ആങ്ങള അമേരിക്കയിൽ പോയ ശേഷം, അപ്പന്റെ രണ്ടാം ഭാര്യയുടെ മകൻ, അവൾ പ്രായം അറിയിച്ചത് അറിഞ്ഞ ശേഷം അവളുടെ മേൽ കേറിയാണ് ആദ്യമായി അവൾ രതിസുഖം അറിയുന്നത്. പിന്നീടവൻ പല പ്രാവശ്യം അവളെ ഉപയോഗിച്ചെങ്കിലും, പിന്നീടങ്ങോട്ട്, അവൾ വളരെ തന്മയത്വ പൂവ്വം ഒഴിഞ്ഞു മാറി. അവൾക്ക് അമേരിക്കയിലെക്ക് പോകാനായി വിസാ വാങ്ങാൻ നേരം, അവൻ കൂട്ടികൊണ്ടു പോകാൻ തുടങ്ങിയെങ്കിലും, അവളുടെ അപേക്ഷ പ്രകാരം അവസാനം അപ്പൻ തന്നെ അവളെ കൂട്ടികൊണ്ടു പോയി. അവൾക്കറിയാം: അല്ലങ്കിൽ അവൻ തീച്ചയായും ഹോട്ടലിൽ വെച്ച് അവളെ നിദ്ദയം ഭോഗിക്കുമെന്ന്. സാധാരണ കേരളത്തിൽ നിന്ന് അമേരിക്കയിൽ പോകുന്ന പെൺകുട്ടികൾക്ക്, വിസാ വാങ്ങാനായി അന്യ സംസ്ഥാനത്ത് ഹോട്ടലിൽ താമസിക്കുമ്പോൾ അവരെ കൂട്ടികൊണ്ടു വരുന്നവർ ഒക്കെ രുചി നോക്കിയിട്ടേ മടങ്ങാറുള്ളു. എന്തായാലും, അവൾ അവളുടെ പൂവ്വ കഥകൾ മുഴുവൻ അയാളോടു പറഞ്ഞ ശേഷമാണ്, അവർ പുതിയ സ്ഥലത്തേക്ക് ഒരുമിച്ച് യാത്ര തിരിച്ചത്.

മണി, ആ കിടപ്പ് കുറച്ചു ദിവസം കിടന്നു. പിന്നീട്, ഒരു വിധത്തിലാണ് അവൾ ജോലിക്കു പോകാൻ തുടങ്ങിയത്. എന്നാൽ, വീണ്ടും വീണ്ടും അവൾ കിടപ്പിലായി. അവൾക്ക് പല പ്രാവശ്യം ഹൃദയസ്തംഭനം ഉണ്ടായി. തത്സംബന്ധമായ പല ചികിത്സകളും ചെയ്യേണ്ടി വന്നു. അങ്ങിനെ ഏകദേശം ഒരു വഷ്ത്തോളം അവൾ വളരെ കഷ്ടപ്പെട്ട് കഴിച്ചു കൂട്ടിയ ശേഷം ഒരു വലിയ ഹാട്ട് അറ്റാക്കോടു കൂടെ അവൾ മരിച്ചു. അവൾ മരിക്കുന്ന സമയം PPP കേരളത്തിൽ അവധിയ്ക്കു പൊയിരിക്കുകആയിരുന്നു. അയാളും കുടുംബവും മടങ്ങി വന്നപ്പോൾ ഒറൊത്ത പറഞ്ഞാണ് ആ വിവരം തന്നെ അറിഞ്ഞത്.

അവൾ മരിച്ചതോടെ അവളുടെ പറക്കമുറ്റാത്ത മക്കളെ രണ്ടു പേരേയും KCV കൂടെ കൊണ്ടു വന്ന് താമസിപ്പിച്ചു. ദീഘ്കാലം അവരെ അവിടെ താമസിപ്പിക്കുന്നത് നാൻസിക്ക് തീരെ ഇഷ്ടമുള്ള കാര്യമല്ലാതായി. അതോടെ അവർ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായി. കൂടാതെ അവരുടെ മൂത്ത മകൾ ഒരു കറമ്പൻ പയ്യന്റെ കൂടെ ഒളിച്ചോടി. അമേരിക്കയിൽ 18 വയസായി കഴിഞ്ഞാൽ അവക്ക് സ്വാതന്ത്ര്യമായി; എന്തും സ്വയം ചെയ്യാൻ കഴിയുമെന്നാണ്. ഈ സമയം ആകുമ്പോൾ വളരെ മലയാളികളുടെ മക്കൾ സ്വന്തമായി, താമസിക്കാനും, ഇണ ചേരാനും തുടങ്ങും; അവരെ ആക്കും അപ്പോൾ ചോദ്യം ചെയ്യാൻപറ്റത്തില്ല. ആസമയം വളരെ വേദന നിറഞ്ഞതാണ്.